**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 314** **04-10-2021 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ നഗരസഭയിൽ കോറോത്ത് ഫ്ലാറ്റ് സമുച്ചയ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ നഗരസഭയിലെ കോറോത്ത് നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയത്തിന് ആവശ്യമായ ഭൂമി കൈമാറുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ; | (എ) | പയ്യന്നൂർ നഗരസഭയിലെ കോറോം വില്ലേജിലെ റിസ. 3/15-ൽ ഉൾപ്പെടുന്ന 0.3238 ഹെക്ടർ ഭൂമിയാണ് ലൈഫ് മിഷൻ ഫ്ളാറ്റിനായി കണ്ടെത്തിയിട്ടുള്ളത്. മിച്ചഭൂമിയായി നോട്ടിഫൈ ചെയ്തിരുന്ന ഭൂമി ലാൻറ് ബോർഡ് സെക്രട്ടറിയുടെ 09.02.2021-ലെ എൽ.ബി (ബി.3) 3991/09(1) ഉത്തരവ് പ്രകാരം പൊതു ആവശ്യത്തിനുള്ള ഭൂമിയാക്കി മാറ്റിയിട്ടുണ്ട്. ലൈഫ് മിഷൻ 11,09.2020-ന് മേൽ ഭൂമി മിഷന് കൈമാറുന്നതിനുള്ള അപേക്ഷ നൽകിയിട്ടുണ്ട്. പൊതു ആവശ്യത്തിനുള്ള ഭൂമി ആയി മാറ്റിയതിന്റെ അടിസ്ഥാനത്തിൽ പയ്യന്നൂർ തഹസീൽദാർ ലൈഫ് മിഷന്റെ അപേക്ഷ പ്രകാരം ഭൂമി കൈമാറുന്നതിന് തളിപ്പറമ്പ ആർ.ഡി.ഒ മുഖേന കണ്ണൂർ ജില്ലാ കളക്ടർക്ക് ശുപാർശ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പൊതു ആവശ്യത്തിലേയ്ക്ക് നീക്കിവെച്ച ഭൂമി വിട്ടുകിട്ടുന്നതിനായി ലൈഫ് മിഷൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതുമായി ബന്ധപ്പെട്ട ഫയൽ ഇപ്പോൾ എവിടെയാണ് ഉള്ളതെന്നും ആയതിന്റെ ഫയൽ നമ്പർ ഏതാണെന്നും വ്യക്തമാക്കാമോ; | (ബി) | പയ്യന്നൂർ നഗരസഭയിലെ കോറോം വില്ലേജിലെ റിസ. 3/15-ൽ ഉൾപ്പെടുന്ന 0.3238 ഹെക്ടർ ഭൂമിയാണ് ലൈഫ് മിഷൻ ഫ്ളാറ്റിനായി കണ്ടെത്തിയിട്ടുള്ളത്. മിച്ചഭൂമിയായി നോട്ടിഫൈ ചെയ്തിരുന്ന ഭൂമി ലാൻറ് ബോർഡ് സെക്രട്ടറിയുടെ 09.02.2021-ലെ എൽ.ബി (ബി.3) 3991/09(1) ഉത്തരവ് പ്രകാരം പൊതു ആവശ്യത്തിനുള്ള ഭൂമിയാക്കി മാറ്റിയിട്ടുണ്ട്. ലൈഫ് മിഷൻ 11,09.2020-ന് മേൽ ഭൂമി മിഷന് കൈമാറുന്നതിനുള്ള അപേക്ഷ നൽകിയിട്ടുണ്ട്. പൊതു ആവശ്യത്തിനുള്ള ഭൂമി ആയി മാറ്റിയതിന്റെ അടിസ്ഥാനത്തിൽ പയ്യന്നൂർ തഹസീൽദാർ ലൈഫ് മിഷന്റെ അപേക്ഷ പ്രകാരം ഭൂമി കൈമാറുന്നതിന് തളിപ്പറമ്പ ആർ.ഡി.ഒ മുഖേന കണ്ണൂർ ജില്ലാ കളക്ടർക്ക് ശുപാർശ സമർപ്പിച്ചിട്ടുണ്ട്. |
| (സി) | ഭൂമി കൈമാറ്റനടപടികൾ വൈകുന്നത് | (സി) | മിച്ചഭൂമി ആയതിനാലാണ് കൈമാറ്റ നടപടികൾ |

| | | | |
|---|---|---|---|
| | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | | വൈകിയത് പൊതു ആവശ്യത്തിനുള്ള ഭൂമിയായി തരം മാറ്റിയതോടെ ഭൂമി കൈമാറ്റുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ